പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 49** **23-06-2026-ൽ മറുപടിയ്ക്ക്**

## <u>ഐ.ടി. വ്യവസായങ്ങൾക്കുള്ള അടിസ്ഥാന സൗകര്യവികസനം</u>

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷക്കാലത്ത് ഐ.ടി. വ്യവസായങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ കഴിഞ്ഞ 10 വർഷങ്ങളായി തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർപാർക്ക് എന്നിവിടങ്ങളിൽ ഉണ്ടായിട്ടുള്ള പുരോഗതി ചുവടെ ചേർക്കുന്നു.

**<u>ടെക്നോപാർക്ക്, തിരുവനന്തപുരം</u>**

കഴിഞ്ഞ 10 വർഷക്കാലത്ത് ടെക്നോപാർക്കിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിച്ചിട്ടുണ്ട്. 2016-17 മുതൽ 2026 മാർച്ച് വരെ, ടെക്നോപാർക്ക് അതിന്റെ നിർമ്മിത വിസ്തീർണം 85.1 ലക്ഷം ചതുരശ്ര അടിയിൽ നിന്ന് 131.47 ലക്ഷം ചതുരശ്ര അടിയായി വർധിപ്പിച്ചു. ഈ കാലയളവിൽ തിരുവനന്തപുരം ടെക്നോപാർക്കിൽ പൂർത്തീകരിച്ച പ്രധാന പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നവയാണ്.

<u>ഫേസ് 1</u> - ടാറ്റ കൺസൾട്ടൻസി സർവീസസ് (TCS) SEZ (B); ട്രിവാൻഡ്രം ഇന്റർനാഷണൽ സ്കൂൾ; ബ്രിഗേഡ് സ്ക്വയർ; കല്ലായി ഐ.റ്റി ബിൽഡിംഗ്

<u>ഫേസ് 2</u> - യു.എസ്. ടെക്നോളജി ഇന്റർനാഷണൽ (പി) ലിമിറ്റഡ് (MLCP); ഇൻഫോസിസ് എസ്ഡിബി 4

<u>ഫേസ് 3</u> - കീ സ്റ്റോൺ ബിസിനസ് സെന്റർ (എംബസി ടോറസ്); നയാഗ്ര (എംബസി ടോറസ്), ഗ്ലോബൽ പബ്ലിക് സ്കൂൾ

<u>ഫേസ് 4</u> - കബിനി ഐടി ബിൽഡിംഗ്; ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള ; സൺടെക് ക്യാമ്പസ്

**<u>ഇൻഫോപാർക്ക്, കൊച്ചി</u>**

2016-17 മുതൽ 2026 മാർച്ച് വരെ, ഇൻഫോപാർക്കിൽ നിർമിത വിസ്തീർണം 70 ലക്ഷം ചതുരശ്ര അടിയിൽ നിന്ന് 92.62 ലക്ഷം ചതുരശ്ര അടിയായി വർധിപ്പിച്ചു. ഈ കാലയളവിൽ

ഇൻഫോപാർക്കിൽ പൂർത്തീകരിച്ച പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

ഇൻഫോപാർക്ക് ഫേസ് 1-ൽ വേൾഡ് ട്രേഡ് സെന്ററിന്റെ രണ്ട് കെട്ടിടങ്ങൾ, ലുലു സൈബർ ടവർ-2, ഐ.ബി.എസ്. സോഫ്റ്റ്‌വെയർ ക്യാമ്പസ് എന്നിവ പ്രവർത്തനസജ്ജമായപ്പോൾ, ഫേസ് 2-ൽ 'ജ്യോതിർമയ', ക്ലെയ്സിസ് ടെക്നോളജി, കാസ്പിയൻ ടെക്പാർക്കിന്റെ 'ഇൻസ്പയർ' മന്ദിരം തുടങ്ങിയവയും പൂർത്തിയായി.

ഐ.ടി. കെട്ടിടങ്ങൾക്ക് പുറമെ പഞ്ചനക്ഷത്ര ഹോട്ടൽ, പോലീസ് സ്റ്റേഷൻ, സൈബർ ഡോം തുടങ്ങിയ അനുബന്ധ സൗകര്യങ്ങളും വികസിപ്പിച്ചു.

**സൈബർപാർക്ക്, കോഴിക്കോട്**

2016-ന് ശേഷം സൈബർ പാർക്കിൽ ഐ.ടി. സ്പേസ് 12000 ചതുരശ്ര അടിയിൽ നിന്നും 3 ലക്ഷം ചതുരശ്ര അടി ആയി വർദ്ധിപ്പിക്കാൻ സാധിച്ചു.2.88 ലക്ഷം ചതുരശ്ര അടി വിസ്തീർണം ഉള്ള സൈബർ പാർക്കിലെ ആദ്യ (SEZ) ഐ.ടി കെട്ടിടമായ സഹ്യയുടെ ഉദ്ഘാടനം 2017 ൽ നിർവഹിക്കുകയുണ്ടായി.

**(ബി)** തിരുവനന്തപുരം ടെക്നോ പാർക്ക്, കൊച്ചി ഇൻഫോ പാർക്ക്, കോഴിക്കോട് സൈബർ പാർക്ക്, മറ്റ് ഐ.ടി. പാർക്കുകൾ എന്നിവയിൽ കഴിഞ്ഞ 10 വർഷക്കാലളവിൽ എത്ര ചതുരശ്ര അടി സ്പേസ് പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്; ഓരോ പാർക്കിനെയും സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

**മറുപടി:** **ടെക്നോപാർക്ക്, തിരുവനന്തപുരം**

2016–17 മുതൽ 2026 മാർച്ച് വരെ, ടെക്നോപാർക്ക് അതിന്റെ നിർമിത വിസ്തീർണം 85.1 ലക്ഷം ചതുരശ്ര അടിയിൽ നിന്ന് 131.47 ലക്ഷം ചതുരശ്ര അടിയായി വർധിപ്പിച്ചു. ഈ കാലയളവിൽ 46.37 ലക്ഷം ചതുരശ്ര അടി പുതിയ ഐ.ടി ഇടം വികസിപ്പിച്ച് പ്രവർത്തന സജ്ജമാക്കി.

**ഇൻഫോപാർക്ക്, കൊച്ചി**

2016–17 മുതൽ 2026 മാർച്ച് വരെ, ഇൻഫോപാർക്കിൽ നിർമിത വിസ്തീർണം 70 ലക്ഷം ചതുരശ്ര അടിയിൽ നിന്ന് 92.62 ലക്ഷം ചതുരശ്ര അടിയായി വർധിപ്പിച്ചു. ഈ കാലയളവിൽ 22.62 ലക്ഷം ചതുരശ്ര അടി പുതിയ ഐ.ടി ഇടം വികസിപ്പിച്ച് പ്രവർത്തന സജ്ജമാക്കി.

**സൈബർപാർക്ക്, കോഴിക്കോട്**

2016-ന് ശേഷം സൈബർ പാർക്കിൽ ഐ.ടി. സ്പേസ് 12000 ചതുരശ്ര അടിയിൽ നിന്നും 3 ലക്ഷം ചതുരശ്ര അടി ആയി വർദ്ധിപ്പിക്കാൻ സാധിച്ചു. 2.88 ലക്ഷം ചതുരശ്ര അടി വിസ്തീർണം ഉള്ള സൈബർ പാർക്കിലെ ആദ്യ (SEZ) ഐ.ടി കെട്ടിടമായ സഹ്യയുടെ ഉദ്ഘാടനം 2017 ൽ നിർവഹിക്കുകയുണ്ടായി.

**സെക്ഷൻ ഓഫീസർ**